"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പൊതുസംഭരണ ഉപദേശകകാര്യ വകുപ്പ് - പൊതുമേഖലാ സ്ഥാപനമായ കെൽട്രോൺ സ്വന്തമായി നിർമ്മിക്കുന്ന "ശ്രുവൺ" എന്ന പേരിലുള്ള ശ്രവണസഹായികൾ ടെൻഡർ നടപടികൾ കൂടാതെ സംസ്ഥാനത്തെ സർക്കാർ / അർദ്ധസർക്കാർ / പൊതുമേഖലാ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിപണനം ചെയ്യുന്നതിന് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23.യിൽ ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുസംഭരണ ഉപദേശകകാര്യ (എ) വകുപ്പ്

സ.ഉ.(സാധാ) നം.69/2025/PPAD തീയതി,തിരുവനന്തപുരം, 13-08-2025

---

പരാമർശം:-
1. 12/06/2024. ലെ സ.ഉ.(സാധാ) നം. 56/2024/എസ്.പി.ഡി.
2. കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) - മാനേജിംഗ് ഡയറക്ടറുടെ 23/04/2025 തീയതിയിലെ MD/KLD/ 2025-26/14 നമ്പർ കത്ത്.

**ഉത്തരവ്**

പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) സ്വന്തമായി നിർമ്മിക്കുന്ന "ശ്രുവൺ" എന്ന പേരിലുള്ള ശ്രവണസഹായികൾ, സംസ്ഥാനത്തെ സർക്കാർ / അർദ്ധസർക്കാർ / പൊതുമേഖലാ / തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് ടെൻഡർ നടപടി കൂടാതെ നേരിട്ട് വിപണനം ചെയ്യുന്നതിന് അനുമതി നൽകികൊണ്ടുള്ള പരാമർശം (1)-ലെ ഉത്തരവിന്റെ കാലാവധി 11.06.2025 ന് അവസാനിച്ചിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത ഉത്തരവിന്റെ കാലാവധി ദീർഘിപ്പിച്ചു നൽകണമെന്ന് പരാമർശം (2) പ്രകാരം കെൽട്രോൺ മാനേജിംഗ് ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെൽട്രോൺ) സ്വന്തമായി നിർമ്മിക്കുന്ന "ശ്രുവൺ" എന്ന പേരിലുള്ള ശ്രവണസഹായികൾ, ഒന്നിന് ഇയർമോൾഡ് കൂടാതെ 8,000/- രൂപ നിരക്കിലും, ഇയർമോൾഡ് ഉൾപ്പെടെ 8,500/- രൂപ നിരക്കിലും ടെൻഡർ നടപടികൾ കൂടാതെ, സംസ്ഥാനത്തെ സർക്കാർ / അർദ്ധ സർക്കാർ / പൊതുമേഖലാ / തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക് വിപണനം ചെയ്യുന്നതിന് ഉത്തരവ് തീയതി മുതൽ ഒരു വർഷത്തേയ്ക്ക് സ്റ്റോർസ് പർച്ചേസ് മാന്വലിലെ ഖണ്ഡിക 9.23.യിൽ നിന്ന് ഇളവ് നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

രജികുമാർ ആർ

ജോയിന്റ് സെക്രട്ടറി

പകർപ്പ് :-

എല്ലാ വകുപ്പ തലവൻമാർ/ഓഫീസുകൾ അർദ്ധ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ എന്നിവയ്ക്ക്.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

മാനേജിംഗ് ഡയറക്ടർ, കെൽട്രോൺ, കെൽട്രോൺ ഹൗസ്, വെള്ളയമ്പലം, തിരുവനന്തപുരം - 695 033.

വ്യവസായ (ഡി) വകുപ്പ് (IND-D3/57/2025-IND നമ്പർ ഫയൽ പ്രകാരം).

സാമൂഹ്യനീതി (എ) വകുപ്പ് (എ.2/97/2025/എസ്.ജെ.ഡി. നമ്പർ ഫയൽ പ്രകാരം).

സി-ഡിറ്റ്, ഗോർക്കി ഭവനം, വാൻറോസ് ജംഗ്ഷൻ, തിരുവനന്തപുരം (സർക്കാർ ഉത്തരവ് പൊതുസംഭരണ ഉപദേശകകാര്യ വകുപ്പിന്റെ വെബ് സൈറ്റിൽ ചേർക്കുന്നതിന്).

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക് വകുപ്പ്, തിരുവനന്തപുരം (സർക്കാർ ഉത്തരവ് വെബ് സൈറ്റിൽ ചേർക്കുന്നതിന്).

സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള എല്ലാ വകുപ്പുകൾക്കും (ഇ-ഓഫീസ് മുഖാന്തിരം).

കരുതൽ ഫയൽ / ഓഫീസ് കോപ്പി .

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ